"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ക്ലർക്ക്, ശ്രീ നിതിൻ കെ എം-ന്റെ ക്ലറിക്കൽ തസ്തികയിലെ നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.806/2024/LSGD തീയതി,തിരുവനന്തപുരം, 08-05-2024**

---

പരാമർശം:-

1. സ.ഉ.(എം എസ്) നം.50/2017/തസ്വഭവ, തീയതി 06/03/2017.
2. തിരുവനന്തപുരം ജില്ലാകളക്ടറുടെ 13/04/2023-ലെ ADCTVM/368/2023-D4 നമ്പർ ഉത്തരവ്.
3. 01/04/2024-ലെ LSGD/PD/18218/2023-DEC3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറേറ്റിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 20.11.2017 പൂർവ്വാഹ്നത്തിൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച ശ്രീ. നിതിൻ കെ എം, നിരീക്ഷണകാലം പൂർത്തീകരിക്കാനാവശ്യമായ വകുപ്പുതല പരീക്ഷയായ MOP ടെസ്റ്റ് യഥാസമയം പാസാകാത്തതിനാൽ ടി തസ്തികയിൽ മൂന്നു വർഷത്തിൽ തുടർച്ചയായ രണ്ടു വർഷം പൂർത്തീകരിച്ച തീയതി മുതൽ ഒരു വർഷത്തേയ്ക്ക് നിയമനാധികാരിയായ തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ടിയാൻ നിരീക്ഷണകാലം പൂർത്തീകരിക്കാനാവശ്യമായ വകുപ്പുതല പരീക്ഷയായ MOP ടെസ്റ്റ് യോഗ്യത 23/09/2021- ലാണ് നേടിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ ശ്രീ. നിതിൻ കെ എം ന് 24/09/2021 പൂർവ്വാഹ്നത്തിൽ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായി 25/09/2021 തീയതി വരെ പ്രോബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

ശ്രീ. നിതിൻ കെ എം -ന്റെ ക്ലറിക്കൽ തസ്തികയിലെ നിയമനം ക്രമവൽക്കരിച്ചിട്ടുണ്ടെന്നും ടിയാന്റെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാന്റെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും വിനിയോഗിച്ചിട്ടില്ലായെന്നും തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി വകുപ്പ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 20.11.2017 പൂർവ്വാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. നിതിൻ കെ എം നിരീക്ഷണകാലം പൂർത്തീകരിക്കാൻ ആവശ്യമായ MOP ടെസ്റ്റ് യോഗ്യത 23/09/2021-ൽ നേടിയിട്ടുള്ളതിനാൽ ടിയാൻ മറ്റു വിധത്തിൽ യോഗ്യനെങ്കിൽ, ടിയാന്റെ നിരീക്ഷണകാലം 24/09/2021 പൂർവ്വാഹ്നം

പ്രാബല്യത്തിൽ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കാൻ സാധിക്കുമാറ്, നിയമനാധികാരി ദീർഘിപ്പിച്ചു നല്കിയിട്ടുള്ള കാലയളവിനു തുടർച്ചയായി ടിയാന്റെ നിരീക്ഷണ കാലയളവ് 20/11/2020 മുതൽ 25/09/2021 വരെ KS&SSRs Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചു നല്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.
ശ്രീ നിതിൻ കെ എം, ക്ലർക്ക്, തിരുവനന്തപുരം ജോയിന്റ് ഡയറക്ടറുടെ കാര്യാലയം.
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Suja M
Date: 08-05-2024 10:50:14

സെക്ഷൻ ഓഫീസർ